ഒരുപാട് വഴികളുണ്ട്. ആ വഴികൾ മുഴുവൻ പ്രാവർത്തികമാക്കണം. ഫിനാൻസ് മാനേജ്മെന്റാണ് അവിടത്തെ ഏറ്റവും വലിയ ശാപം. കെ.എസ്.ആർ.ടി.സി. എന്ന പൊതുമേഖലാ സ്ഥാപനം ഈ ഗതിയാവാൻ കാരണം അവിടെ ശരിയായ ഫിനാൻസ് മാനേജ്മെന്റില്ല എന്നതാണ്. അത് പരിശോധിച്ചാൽ ഈ പറയുന്നതൊക്കെ തെറ്റാണ് എന്നുമനസ്സിലാകും. കോടാനുകോടി രൂപയുടെ ആസ്തിയുള്ളതാണ് കെ.എസ്.ആർ.ടി.സി.. ഇലക്ട്രിസിറ്റി ബോർഡിലെ ആളുകൾക്ക് എങ്ങനെയാണ് പെൻഷൻ കിട്ടുന്നത്; അവർ പോകുന്ന കമ്പോളത്തിലല്ലേ ട്രാൻസ്പോർട്ടിലെ പെൻഷൻകാരും പോകുന്നത്; എന്ത് ന്യായമാണ്; അങ്ങ് ഒരുപാട് കാര്യങ്ങൾ പറഞ്ഞു. സ്ട്രോങ്ങായി ഇതിൽ ഇടപെടണം. ക്യാബിനറ്റ് തീരുമാനിക്കണം. 500 കോടി രൂപയെങ്കിലും പെൻഷൻകാർക്കുവേണ്ടി മാറ്റിവയ്ക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങയുടെ ചോദ്യത്തിൽത്തന്നെ ഉത്തരവുമുണ്ട്. 60% ഡി.എ. കുടിശ്ശികയാണ് കെ.എസ്.ആർ.ടി.സി.-യിൽ നേരത്തേയുണ്ടായിരുന്നത്, ഇപ്പോൾ 40% കുടിശ്ശികയുണ്ട്, ഇല്ലെന്ന് ഞാൻ പറയുന്നില്ല. തുച്ഛമായിട്ടാണെങ്കിലും പെൻഷൻ കുടിശ്ശികയുമുണ്ട്, അത് കുറയ്ക്കുന്നതിനുവേണ്ട നടപടിയുമുണ്ട്. മാനേജുമെന്റിലും മിഡിൽ മാനേജുമെന്റിലും പ്രൊഫഷണലായുള്ള ടച്ച് ഉണ്ടാവണമെന്നും കെടുകാര്യസ്ഥത ഒഴിവാക്കുന്നതിനുവേണ്ടി നടപടി വേണമെന്നുമുള്ള അങ്ങയുടെ നിർദ്ദേശം പൂർണ്ണമായി അംഗീകരിക്കുകയാണ്. എങ്ങനെയും കെ.എസ്.ആർ.ടി.സി.-യെ രക്ഷപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പോലീസ് സേനയുടെ നവീകരണം

2 (*572) ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) പോലീസ് സ്റ്റേഷനുകളുടെയും ക്വാർട്ടേഴ്സുകളുടെയും സൗകര്യം മെച്ചപ്പെടുത്തുവാനും പോലീസുകാരുടെ യൂണിഫോറം മെച്ചപ്പെടുത്തുവാനും ഉദ്ദേശിക്കുന്നുണ്ടോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ,

(എ) MoPF Scheme, Plan Scheme, 13th FCA തുടങ്ങിയ പദ്ധതികളിലൂടെയുള്ള നവീകരണമാണ് പോലീസ് സേനയിൽ നടപ്പിലാക്കിവരുന്നത്. പ്രസ്തുത പദ്ധതികളിലൂടെ അടിസ്ഥാന/താമസ സൗകര്യങ്ങൾ ഏർപ്പെടുത്തിയും, വാഹനങ്ങൾ, ആയുധങ്ങൾ, സെക്യൂരിറ്റി ഉപകരണങ്ങൾ, ട്രാഫിക് ഉപകരണങ്ങൾ, കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, ട്രെയിനിംഗ് ഇൻഫ്രാസ്ട്രക്ചർ എന്നിവ കൂടുതലായി ലഭ്യമാക്കിയും, പോലീസ് സേനയെ നവീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പോലീസ് സ്റ്റേഷനുകളുടെയും ക്വാർട്ടേഴ്സുകളുടെയും സൗകര്യം മെച്ചപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. പോലീസുകാരുടെ യൂണിഫോം മെച്ചപ്പെടുത്തുന്നതിനെപ്പറ്റി പരിശോധിച്ചുവരികയാണ്. പോലീസ് സ്റ്റേഷനുകളുടെയും ക്വാർട്ടേഴ്സുകളുടെയും സൗകര്യം മെച്ചപ്പെടുത്തുവാൻ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പുതിയ ക്വാർട്ടേഴ്സുകൾ, പോലീസ് സ്റ്റേഷൻ എക്സ്റ്റൻഷൻ, വിസിറ്റേഴ്സ് റൂം, ഹെൽപ്പ് ഡെസ്ക്കുകൾ, റെസ്റ്റ് റൂം, വനിതാ വിശ്രമ മുറികൾ, ചുറ്റുമതിൽ എന്നിവ പോലീസ് സ്റ്റേഷനുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി നിർമ്മിച്ചുനൽകുന്നുണ്ട്. കൂടാതെ പോലീസ് സ്റ്റേഷനുകളുടേയും ക്വാർട്ടേഴ്സുകളുടേയും അറ്റകുറ്റപ്പണികൾ നടത്തുകയും വാട്ടർ സപ്ലൈ, ഡ്രെയിനേജ് എന്നിവയുടെ തകരാറുകൾ അപ്പപ്പോൾത്തന്നെ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

ശ്രീ. ജോസ് തെറ്റയിൽ : സർ, ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉത്തരത്തിൽ ചില നിർദ്ദേശങ്ങൾ പറയുകയുണ്ടായി. അതെല്ലാം സ്വാഗതാർഹവും സ്വീകാര്യവുമാണ്. നല്ല മൂർച്ചയുള്ള കത്തി എന്നാണ് പോലീസിനെക്കുറിച്ച് പറയാനുള്ളത്. അത് ഉപയോഗിക്കുന്നവന്റെ മനോധർമ്മമനുസരിച്ചിരിക്കും. ഡോക്ടർ, വൈദ്യശാസ്ത്രമനുസരിച്ച് അത് പ്രയോഗിക്കുകയാണെങ്കിൽ രോഗിക്ക് ശമനം കിട്ടും, കശാപ്പുകാരന്റെ കയ്യിലാണെങ്കിൽ അത് കശാപ്പു ചെയ്യാനുപയോഗിക്കാം. അതിൽ പ്രധാന സംഗതി സമീപനമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, ജനമൈത്രി പോലീസ്, പോലീസ് ആക്ടിൽ അമെന്റ്മെന്റ് എന്നിങ്ങനെ അടിസ്ഥാനപരമായ മാറ്റങ്ങൾ കൊണ്ടുവന്നിരുന്നു. എന്റെ ചോദ്യം, ജനങ്ങളോടും കുറ്റവാളികളോടും സേനയിലുള്ള കുറ്റവാളികളായ പോലീസുകാരോടുമുള്ള പോലീസിന്റെ സമീപനത്തിൽ അടിസ്ഥാനപരമായി എന്ത് മാറ്റം കൊണ്ടുവരാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ?

ശ്രീ. രമേശ് ചെന്നിത്തല : സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് ആധുനിക കാലഘട്ടത്തിലെ പോലീസ് എങ്ങനെ പ്രവർത്തിക്കണമെന്നുള്ളതിന്റെ ഒരു വശമാണ്. ഞാനത് പൂർണ്ണമായി അംഗീകരിക്കുന്നു. പഴയകാലത്തുള്ള പോലീസ് സേനയുടെ പ്രവർത്തനങ്ങളിൽനിന്ന് വ്യത്യസ്തമായി ഇന്ന് കുറ്റകൃത്യങ്ങൾ തെളിയിക്കാനും കുറ്റവാളികളെ കണ്ടെത്താനും ശാരീരിക പീഡനങ്ങളുൾപ്പെടെ ഒഴിവാക്കിക്കൊണ്ട് ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയുടെ സഹായത്താൽ ക്രൈം ഡിറ്റക്ട് ചെയ്യാനുള്ള നടപടികളുൾപ്പെടെയുള്ളവയാണ് മോഡണൈസേഷൻകൊണ്ട് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തിനു പുറത്തുള്ള കുറ്റവാളികളെ കണ്ടെത്താൻ ഇപ്പോൾ ഒരു പുതിയ സിസ്റ്റം ആരംഭിച്ചിട്ടുണ്ട്. കുറ്റകൃത്യങ്ങൾ ചെയ്തതിനുശേഷം മറ്റ് സംസ്ഥാനങ്ങളിലേക്ക് രക്ഷപ്പെടുന്ന ആളുകളെ കണ്ടെത്തുന്നതിനുള്ള ആധുനികമായ സൗകര്യമാണ് ക്രൈം ക്രിമിനൽ ട്രാക്കിംഗ് നെറ്റ്വർക്ക് സിസ്റ്റം. സംസ്ഥാനത്തെ 7 ജില്ലകളിലുള്ള 172 പോലീസ് സ്റ്റേഷനുകളിൽ ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പോലീസിന്റെ പൊതുവായ സമീപനം ജനസൗഹൃദപോലീസാകണമെന്നുള്ളതാണ്. ജനമൈത്രി പോലീസ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് തുടങ്ങിയ പദ്ധതികളിലൂടെ ജനങ്ങളുമായി കൂടുതൽ ആഭിമുഖ്യം പുലർത്തുന്നതും മെച്ചപ്പെട്ട രീതിയിലുള്ളതുമായ സമീപനം സ്വീകരിക്കുന്ന രീതിയിൽ പോലീസ് സേനയെ നവീകരിക്കുക യെന്നതാണ് ഗവൺമെന്റിന്റെ ഉദ്ദേശ്യം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസ് തെറ്റയിൽ : സർ, ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുന്ന നടപടികൾ സ്വാഗതാർഹമാണെന്ന് ഞാൻ സൂചിപ്പിച്ചുകഴിഞ്ഞു. ഇവിടെ നമുക്കുള്ളത് സർവ്വാണി പോലീസാണ്. ഇൻവെസ്റ്റിഗേഷനും ലോ ആന്റ് ഓർഡർ നോക്കാനും ട്രാഫിക്ക് നിയന്ത്രിക്കാനും സൈബർ കുറ്റങ്ങൾ കണ്ടുപിടിക്കാനുമെല്ലാംതന്നെ പോലീസിലെ മിക്കവാറും ഒരേ തരത്തിലുള്ള ആളുകളെ അങ്ങോട്ടുമിങ്ങോട്ടും മാറ്റുന്നൊരു രീതിയാണിന്നുള്ളത്. ജസ്റ്റിസ് കെ. റ്റി. തോമസ് കമ്മീഷൻ, സെൻ കമ്മീഷൻ തുടങ്ങിയവ നിർദ്ദേശിക്കുന്നതുപോലെ ട്രാഫിക്കിന്, പ്രത്യേകിച്ച് ട്രാഫിക് സ്റ്റേഷൻ ഉൾപ്പെടെയുള്ളവ പുതിയതായി തുടങ്ങാനും സൗകര്യങ്ങളൊരുക്കാനും ഇൻവെസ്റ്റിഗേഷനും ലാ ആന്റ് ഓർഡറിനുമൊക്കെ സെപ്പറേറ്റായി സംവിധാനങ്ങളൊരുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, വളരെ നല്ലൊരു നിർദ്ദേശമാണ് അദ്ദേഹം മുന്നോട്ടുവച്ചത്. അത് ഗവൺമെന്റിന്റെ പരിഗണനയിലുള്ള നിർദ്ദേശം തന്നെയാണ്. ഇവിടെയുള്ള പ്രശ്നം പോലീസ് സേനയിലെ അംഗസംഖ്യയുടെ കുറവാണ്. 50000 പോലീസുകാരാണ് സംസ്ഥാനത്തുള്ളത്. അതുകൊണ്ടുതന്നെ അവർക്ക് ഭാരിച്ച ഉത്തരവാദിത്തമാണ്. കുറ്റാന്വേഷണവും ക്രമസമാധാന നിലയും രണ്ടായി തരംതിരിച്ച് പോലീസിനെ ചുമതലയേൽപ്പിക്കണമെന്ന ജസ്റ്റിസ് കെ. റ്റി. തോമസ് കമ്മീഷന്റെ ശുപാർശകൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. പരീക്ഷണാർത്ഥം അത് കാസർഗോഡ് ജില്ലയിൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പോലിസ് സേനയിലെ അംഗസംഖ്യയുടെ കുറവ് വലിയ പ്രശ്നം തന്നെയാണ്. ഇത് പരിഹരിക്കുന്നതിലേക്കായി പുതുതായി കോൺസ്റ്റബിൾമാരെ റിക്രൂട്ട് ചെയ്യാനും ഡ്രൈവർ, കോൺസ്റ്റബിൾ, എസ്.ഐ. തുടങ്ങിയ പോസ്റ്റുകളിലുള്ള നിരവധി ഒഴിവുകൾ നികത്താനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പി.എസ്.സി. അതിനാവശ്യമായ റിക്രൂട്ട്മെന്റ് പ്രോസസ് നടത്തിക്കൊണ്ടിരിക്കുകയാണ്. സൈബർ കുറ്റകൃത്യങ്ങൾ ഇക്കണോമിക് ഒഫൻസസ് ഇതെല്ലാം പോലീസിന്റെ ചുമതലയിൽപ്പെട്ടതാണ്. ഇതെല്ലാം ഫലപ്രദമായി നടപ്പാക്കണമെങ്കിൽ പോലീസിന്റെ അംഗസംഖ്യയിൽ കാര്യമായ പുരോഗതിയുണ്ടാവണം. അതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്.

ശ്രീമതി ജമീലാ പ്രകാശം : സർ, നമ്മുടെ സംസ്ഥാനത്ത് പുരുഷൻമാരേക്കാൾ കൂടുതൽ സ്ത്രീകളാണ്. പക്ഷേ സ്ത്രീകളുടെ ജീവനും മാനത്തിനും സ്വത്തിനും നേരെനടക്കുന്ന ആക്രമണങ്ങൾ ആരെയും അമ്പരപ്പിക്കുന്ന രീതിയിൽ കൂടിക്കൂടി വരികയാണ്. ഇത് പ്രതിരോധിക്കാൻ നടപടികളെടുക്കേണ്ട സംസ്ഥാന പോലീസ് സേനയിൽ കഷ്ടിച്ച് 5% പോലും വനിതാ പ്രാതിനിധ്യമില്ല. കഴിഞ്ഞ ജനുവരി 18-ാം തീയതി തിരുവനന്തപുരത്ത് നടന്ന ആൾ ഇന്ത്യാ വിമൻസ് പോലീസ് കോൺസ്റ്റബിൾസിന്റെ ഒരു സമ്മേളനത്തിൽവച്ച് ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽത്തന്നെ സംസ്ഥാന പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം പത്ത് ശതമാനമായി ഉയർത്തിയിരിക്കുമെന്ന് പ്രഖ്യാപിക്കുകയും എല്ലാ വാർത്താ മാധ്യമങ്ങളും അത് വലിയ പ്രാധാന്യത്തോടുകൂടി റിപ്പോർട്ട് ചെയ്യുകയും

ചെയ്തിരുന്നു. വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം ഇപ്പോഴുള്ളതിന്റെ ഇരട്ടിയായെങ്കിൽ മാത്രമേ പത്ത് ശതമാനം പ്രാതിനിധ്യമാകൂ. കഴിഞ്ഞ ഏഴ് മാസത്തിനുള്ളിൽ എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദീകരിക്കാമോ; അഥവാ മന്ത്രി മറന്നുപോയെങ്കിൽ, ദേശീയ സെമിനാറിൽ ബഹുമാനപ്പെട്ട മന്ത്രി എല്ലാവരും 'കേൾക്കെ പ്രസംഗിച്ചത് രാഷ്ട്ര ഭാഷയായ ഹിന്ദിയിലാണ്. അതുകൊണ്ട് ഞാനും എളിയതോതിൽ ഓർമ്മിപ്പിക്കുകയാണ് 'ഉൻഹോനേം ജോ വാദാ കിയാ ഹെ, വൊ നിഭാനാ പഡേഗാ'.

ശ്രീ. രമേശ് ചെന്നിത്തല : സർ, 'ജോ വാദാ കിയാ ഹെ, ബിൽക്കുൽ നിഭായേംഗെ, ഉസ് മേം കോയി തക്‌ലീഫ് നഹീം ഹെ.' ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് നൂറുശതമാനം ശരിയാണ്. ഇപ്പോൾ കേരള പോലീസ് സേനയിൽ വനിതാ പോലീസിന്റെ അംഗസംഖ്യ അഞ്ച് ശതമാനം മാത്രമേയുള്ളൂവെന്നത് ശരിയാണ്. അത് പത്തുശതമാനമായി വർദ്ധിപ്പിക്കുകയെന്നത് നമ്മുടെയൊരു ambitious പ്രോജക്ടാണ്. സാമ്പത്തിക പരാധീനതകളാണ് ഇതിന് വിലങ്ങുതടിയായി നിൽക്കുന്നത്. തമിഴ്നാട്, കർണ്ണാടക, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളിൽ വനിതാ പോലീസുകാരുടെ എണ്ണം ഇരുപത്തിയഞ്ച് ശതമാനത്തിൽ കൂടുതലാണ്. എത്രയും പെട്ടെന്നു തന്നെ 120 ഡബ്ല്യൂ.പി.സി.ഒ.-മാരെയും ഡയറക്ടായി അറുപത് വനിതാ എസ്.ഐ.-മാരെയും നിയമിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെയും സാന്നിധ്യത്തിൽചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. വനിതാ പ്രാതിനിധ്യം പടിപടിയായി പത്തു ശതമാനത്തിലേക്ക് എത്തിക്കുകയെന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. അന്നത്തെ യോഗത്തിൽ പറഞ്ഞത് നൂറുശതമാനം ശരിയാണ്, ഞാൻ അത് അംഗീകരിക്കുന്നു. അതിനുള്ള നടപടികളുമായി മുന്നോട്ടു പോകുന്നതാണ്. സേനയിൽ നിലവിലുള്ള എല്ലാ വേക്കൻസികളും നികത്തുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതോടൊപ്പംതന്നെ പുതിയ റിക്രൂട്ട്മെന്റിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ, സഭാ നടപടികൾ ഹിന്ദിയിൽ പറയാൻ പാടില്ല. ചോദ്യം ചോദിച്ച ബഹുമാന്യയായ ജമീലാ പ്രകാശവും ശ്രദ്ധിക്കേണ്ടതാണ്. കേരള നിയമസഭയിൽ മലയാളത്തിലോ, തമിഴിലോ, ഇംഗ്ലീഷിലോ സംസാരിക്കാം, ഹിന്ദിയിൽ സംസാരിക്കാൻ പാടില്ല.

ശ്രീ. രമേശ് ചെന്നിത്തല : സർ, ഹിന്ദിയിൽ ചോദിച്ചതുകൊണ്ടാണ് മറുപടി ഹിന്ദിയിൽത്തന്നെ പറഞ്ഞത്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, നമ്മുടെ സഭയിൽ ഇംഗ്ലീഷ്, മലയാളം, ഹിന്ദി, തമിഴ്, കന്നഡ എന്നീ ഭാഷകളിൽ സംസാരിക്കാം. രാഷ്ട്രഭാഷയായ ഹിന്ദി സംസാരിക്കാമെന്ന് റൂളിൽ പറയുന്നുണ്ട്. ഇവിടെ ഇതിനുമുമ്പ് സംസാരിച്ചിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ്, റൂൾ 305 അനുസരിച്ച് സഭാനടപടികളുടെ ഔദ്യോഗിക രേഖകൾ ഏത് ഭാഷയിൽ പ്രസംഗിക്കുന്നുവോ ആ ഭാഷയിൽത്തന്നെ സൂക്ഷിക്കേണ്ടതാണ്. നമ്മുടെ സഭയിൽ ഇംഗ്ലീഷ്, മലയാളം, കന്നട, തമിഴ് എന്നീ ഭാഷകൾ ഉപയോഗിക്കാമെന്നാണ് റൂളിൽ പറയുന്നത്, ഹിന്ദി പറയുന്നില്ല. അങ്ങനെ വേണമെങ്കിൽ ഹിന്ദികൂടി ചേർക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, നമ്മുടെ റൂൾ അനുസരിച്ച് അങ്ങ് പറഞ്ഞത് നൂറുശതമാനം ശരിയാണ്. പക്ഷേ ആ റൂളിൽ മാറ്റം വരുത്തിയാലേ നാലു ഭാഷകൾക്കുപുറമേ വേറൊരു ഭാഷ ഉപയോഗിക്കാൻ സാധിക്കുകയുള്ളൂവെന്നതും ശരിയാണ്. പക്ഷേ നമ്മൾ ഒരിക്കലും ഹിന്ദിക്കെതിരാണെന്നൊരു ധ്വനി വരാൻ പാടില്ല. അങ്ങ് പറഞ്ഞത് റൂളാണ്, ആ റൂളിനെ മാനിക്കുന്നു. ആർക്കെങ്കിലും ഹിന്ദി വേണമെന്നുപറഞ്ഞാൽ റൂളിൽ മാറ്റം വരുത്തിയാണ് ചെയ്യേണ്ടത്. നമ്മൾ ഒരിക്കലും ഹിന്ദിക്കെതിരല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി, നമ്മൾ ആരും ഹിന്ദിക്കെതിരല്ല. പക്ഷേ ഇവിടെയിരിക്കുന്നതിൽ ബഹുഭൂരിപക്ഷം അംഗങ്ങൾക്കും ഹിന്ദി മനസ്സിലാകില്ല, അതാണ് കാര്യം. ചെയറിന് ഒട്ടും മനസ്സിലായില്ല.

ശ്രീ. മാത്യു റ്റി. തോമസ് : സർ, പോലീസ് സേനയുടെ നവീകരണം ചില ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ അവസാനിപ്പിക്കാൻ പാടില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ പറഞ്ഞിരിക്കുന്ന പുതിയ ആയുധങ്ങൾ, വാഹനങ്ങൾ; കമ്പ്യൂട്ടർവൽക്കരണങ്ങൾ ഇവയൊക്കെ ആവശ്യമാണ്. പോലീസ് സ്റ്റേഷനുകളിൽ എത്തിച്ചേരുന്ന സാധാരണക്കാരോടുള്ള പോലീസിന്റെ മനോഭാവത്തിൽ ഒരു മാറ്റം ഇന്ന് ആവശ്യമാണ്. സ്റ്റേഷനുകളിൽ എത്തുന്നവരോട് ശത്രുക്കളെപ്പോലെ പെരുമാറുന്ന പഴയകാല മനോഭാവം മാറേണ്ടിയിരിക്കുന്നു. പോലീസ് സേനയിൽ ക്രിമിനലുകളുടെ എണ്ണം വർദ്ധിച്ചു വരുന്നതായാണ് ഔദ്യോഗികമായ കണക്കുകൾ കാണിക്കുന്നത്. ക്രിമിനലുകളായി കണ്ടെത്തിയ പോലീസുകാരെ സേനയിൽനിന്നും ഒഴിവാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; സ്റ്റേഷനിൽ എത്തിച്ചേരുന്നവരോടുള്ള മനോഭാവത്തിൽ മാറ്റം വരുത്താൻ നിർദ്ദേശങ്ങളോ ഏതെങ്കിലും തരത്തിലുള്ള പരിശീലന പരിപാടികളോ നൽകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, പഴയകാലത്തെ പോലീസിന്റെ സമീപനമല്ല ഈ ആധുനിക കാലത്തിലുണ്ടാകേണ്ടതെന്ന ശ്രീ. മാത്യു റ്റി. തോമസിന്റെ അഭിപ്രായത്തോട് നൂറുശതമാനം യോജിക്കുന്നു. പോലീസ് സ്റ്റേഷനിൽ വരുന്ന ആളുകളോട് മാന്യമായി പെരുമാറുകയെന്നതാണ് ഞാൻ മന്ത്രിയായി ചാർജ്ജെടുത്തതിനുശേഷം ആദ്യമായി നൽകിയ നിർദ്ദേശം. ഇപ്പോൾ പോലീസ് സ്റ്റേഷനുകളിൽ ചെന്നാൽ ആർക്കും ഇരിക്കാൻ സൗകര്യമില്ല. അതുകൊണ്ട്, പുതിയതായി പണിയുന്ന എല്ലാ പോലീസ് സ്റ്റേഷനുകളിലും, അവിടെ വരുന്ന ആളുകൾക്ക് ഇരിക്കുന്നതിനായി ഒരു വിസിറ്റിംഗ് റൂം കൂടി

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. സ്റ്റേഷനിൽ വരുന്നവരോട് മാന്യമായി പെരുമാറുകയും അവർ ഉന്നയിക്കുന്ന കാര്യങ്ങളിൽ നിയമപരമായി നടപടികൾ കൈക്കൊള്ളുകയുമാണ് വേണ്ടത്. പോലീസ് സേനയിൽ മുഴുവൻ ക്രിമിനലുകളാണെന്ന അഭിപ്രായം എനിക്കില്ല. സേനയിൽ മാത്രമല്ല സമൂഹത്തിലും ക്രിമിനലുകളുണ്ട്. പോലീസ് സേനയിൽ കുറ്റങ്ങൾ ചെയ്യുന്ന വരുണ്ടെങ്കിൽ കണ്ടെത്തും. ഏറ്റവും മികച്ച പോലീസ് സേനയാണ് കേരളാ പോലീസ് എന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല.

ശ്രീ. സി. കെ. നാണു : സർ, സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷം, ധരംവീരാ കമ്മീഷനാണ് പോലീസുകാരുടെ ജീവിതനിലവാരവും അവരുടെ അവകാശങ്ങളെ സംബന്ധിച്ചും പരിശോധിച്ച് വ്യക്തമായ ഒരു രൂപം സമർപ്പിച്ച തെന്നാണ് എനിക്കുതോന്നുന്നത്. പഴയകാലത്തുള്ള ചെറിയ ക്വാർട്ടേഴ്സുകൾ അല്ല ഇന്ന് പോലീസുകാർക്ക് വേണ്ടത്. മെഡിസിനും എഞ്ചിനീയറിംഗിനുമൊക്കെ പഠിക്കുന്ന പോലീസുകാരുടെ മക്കൾ ഇന്നും ആ ക്വാർട്ടേഴ്സുകളിലാണ് താമസിക്കുന്നത്. അവരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. മറ്റൊരുകാര്യം, കേരളത്തിൽ ഒരുകാലത്ത് സ്പോർട്സ് രംഗത്ത് - വോളിബോൾ, ബാസ്ക്കറ്റ്ബോൾ, അത്ലറ്റിക്സ് എന്നിവയിലെല്ലാം മുൻപന്തിയിൽ നിന്നത് കേരളത്തിലെ പോലീസ് ടീമായിരുന്നു. നാഷണൽ ഗെയിംസിൽ പ്രാമുഖ്യം തെളിയിച്ച കേരളത്തിലെ അത്ലറ്റ്സുകളിൽ പലർക്കും അന്യസംസ്ഥാനങ്ങളിലേക്ക് പോകേണ്ടിവരുന്നു. അത്തരത്തിലുള്ള കായികതാരങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് പോലീസിന്റെ സ്പോർട്സ് വിംഗ് കൂടുതൽ മെച്ചപ്പെടുത്താൻ ബഹുമാനപ്പെട്ട മന്ത്രി സന്നദ്ധനാകുമോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, പോലീസ് ഉദ്യോഗസ്ഥന്മാർക്ക് താമസിക്കുന്നതിനായി നിലവിലുള്ള ക്വാർട്ടേഴ്സുകളേക്കാൾ മെച്ചപ്പെട്ട ഫ്ളാറ്റുകൾ കൂടുതലായി നിർമ്മിച്ചുകൊടുക്കുകയെന്നുള്ളത് മോഡണൈസേഷൻ സ്കീമിന്റെ ഒരു പ്രധാന ഘടകമാണ്. കായികതാരങ്ങളെ പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഫുട്ബോൾ, വോളിബോൾ ടീമുകൾ ഇപ്പോൾത്തന്നെയുണ്ട്. പോലീസ് സേനയിലെ കായിക താരങ്ങളെയും കലാകാരന്മാരെയും പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇപ്പോൾത്തന്നെ അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, പരിഷ്കൃത രാജ്യങ്ങളിൽപോലും പോലീസ് സേന നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയെന്നുപറയുന്നത് പോലീസ് സേനയുടെ സാങ്കേതിക അറിവുകളെ വെല്ലുന്നതരത്തിൽ കുറ്റവാളികളുടെ അറിവ് വർദ്ധിച്ചുകൊണ്ടിരിക്കുന്നതാണ്. സൈബർ ക്രൈമുകളും, ഐഡന്റിറ്റി ക്രൈമുകളും ഉൾപ്പെടെയുള്ള പുതിയ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തും സാമ്പത്തിക കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരികയാണ്. ഇത്തരം കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനുവേണ്ടിയുള്ള യാതൊരു സംവിധാനവും ഇപ്പോൾ സംസ്ഥാന പോലീസ് സംവിധാനത്തിലില്ല. ഇവിടെ ശാസ്ത്രീയമായൊരു കുറ്റാന്വേഷണ രീതിയില്ല. ഇപ്പോൾ അറിയപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly

ബ്രെയിൻ മാപ്പിംഗിനും നാർക്കോ അനാലിസിസിനും ലൈ ഡിറ്റക്ഷൻ ടെസ്റ്റിനു പോലും മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിയാണ് നമുക്കുള്ളത്. ശാസ്ത്രീയമായ രീതിയിൽ ഒരു കുറ്റവാളിയെ ചോദ്യംചെയ്യാൻ ആവശ്യമായൊരു ഇന്റെറോഗേഷൻ റൂം പോലും നമ്മുടെ സംസ്ഥാനത്തില്ല. ഇത്തരം കാര്യങ്ങളിൽ നാം വളരെ പിന്നോക്കം നിൽക്കുകയാണ്. ലോകം മുഴുവൻ മാറിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ, സംസ്ഥാന പോലീസ് സേനയെ നവീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സാമ്പത്തിക കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേകമായൊരു പരിശീലനപദ്ധതി ആവിഷ്കരിക്കാൻ സർക്കാർ തയ്യാറാകുമോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, ശ്രീ. വി. ഡി. സതീശൻ ഇവിടെ ചൂണ്ടിക്കാണിച്ചത് ആധുനിക കാലഘട്ടത്തിലെ കുറ്റകൃത്യങ്ങളുടെ സ്വഭാവമാണ്. വൈറ്റ് കോളർ ക്രൈമുകളും ന്യൂജനറേഷൻ ക്രൈമുകളും സൈബർ ക്രൈമുകളും വർദ്ധിച്ചുവരുന്നു. ഇതെല്ലാം ഗവൺമെന്റിന്റെയും പോലീസിന്റെയും ശ്രദ്ധയിലുള്ള കാര്യങ്ങളാണ്. ആധുനികമായ ഉപകരണങ്ങൾ ഉപയോഗിച്ച് കുറ്റകൃത്യങ്ങൾ കണ്ടെത്തുക എന്നതാണ് നമ്മുടെ സമീപനം. എല്ലാ റോഡുകളിലും സ്പീഡ് റഡാറുകൾ ഘടിപ്പിക്കുന്നതിനും ആളുകളെ ഊതിപ്പിച്ചു നോക്കാതെ മദ്യമുപയോഗിച്ചിട്ടുണ്ടോ എന്ന് കണ്ടുപിടിക്കുന്നതിനുള്ള ആൽക്കോ മീറ്ററുകൾ 500 എണ്ണം വാങ്ങാനും സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്താനുള്ള ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലോക്കൽ പോലീസിന്റെയും ക്രൈംബ്രാഞ്ച് വിഭാഗത്തിന്റെയും അന്വേഷണ ഭാരം കുറയ്ക്കുന്നതിനും അതീവ ഗുരുതരമായ കേസ്സുകൾ സമഗ്രവും ശാസ്ത്രീയവുമായി ത്വരിതഗതിയിൽ അന്വേഷിക്കുന്നതിനും സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ എന്ന പേരിൽ സി.ബി.ഐ. മോഡലിലുള്ള ഒരു അന്വേഷണ ഏജൻസി രൂപീകരിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ശാസ്ത്രീയമായ രീതിയിൽ ആധുനിക കാലഘട്ടത്തിലെ കുറ്റകൃത്യങ്ങൾ കണ്ടെത്താൻ കഴിയുന്നതിനായി കേരള പോലീസിനെ മോഡണൈസ് ചെയ്യാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം ലഭിക്കുന്ന തുക ഉപയോഗിച്ച് പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ വഴി പുതിയ പോലീസ് ക്വാർട്ടേഴ്സുകളും പോലീസ് സ്റ്റേഷൻ കെട്ടിടങ്ങളും നിർമ്മിക്കാൻ ഇപ്പോൾ സംവിധാനമുണ്ട്. മുൻകാലങ്ങളിൽ നിർമ്മിച്ച, യാതൊരു സൗകര്യങ്ങളുമില്ലാത്ത പോലീസ് സ്റ്റേഷനുകളുടേയും പോലീസ് ക്വാർട്ടേഴ്സുകളുടേയും ഇന്നത്തെ സ്ഥിതി ദയനീയമാണ്. ചേരികളിലേക്കാൾ മോശമായ സ്ഥിതിയാണ്. പോലീസ് ക്വാർട്ടേഴ്സ് സന്ദർശിച്ച അവസരത്തിൽ എങ്ങനെയാണ് അവരവിടെ താമസിക്കുന്നതെന്ന് ഞാൻ അത്ഭുതപ്പെട്ടിട്ടുണ്ട്. ഇത് പി.ഡബ്ല്യൂ.ഡി. നിർമ്മിച്ച ക്വാർട്ടേഴ്സ് ആണെന്നുപറഞ്ഞ് ഇതിന് സർക്കാർ ഫണ്ട് നൽകുന്നില്ല, പി.ഡബ്ല്യൂ.ഡി.യും ഫണ്ട് കൊടുക്കുന്നില്ല. ഇതിന്റെ ഫലമായി ഒരു നവീകരണപ്രവർത്തനവും നടത്താൻ കഴിയുന്നില്ല. പഴയ പോലീസ് സ്റ്റേഷനുകളെ നവീകരിക്കാനുള്ള യാതൊരു സംവിധാനവും

LIBRARY ARCHIVES Kerala Legislative Assembly

ഇന്നത്തെ പോലീസ് ഡിപ്പാർട്ട്മെന്റിനില്ല. ഇതിന് പ്രത്യേകമായ ഫണ്ട് സ്റ്റേറ്റ് ബഡ്ജറ്റിൽ നീക്കിവയ്ക്കാത്തിടത്തോളം കാലം ഈ പ്രശ്നത്തിന് പരിഹാര മുണ്ടാകില്ല. അതുസംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, ഇത് ഒരു പ്രശ്നം തന്നെയാണ്. പോലീസ് മോഡണൈസേഷൻ ഫണ്ട് MoPF Scheme-ലും FCA-ലും കിട്ടാത്ത കാലത്ത് പി.ഡബ്ല്യൂ.ഡി നിർമ്മിച്ചതാണ് ഈ പോലീസ് ക്വാർട്ടേഴ്സുകൾ. പി.ഡബ്ല്യൂ.ഡി-യുമായി ബന്ധപ്പെട്ടുകൊണ്ടുമാത്രമേ അത് നവീകരിക്കാൻ സാധിക്കുകയുള്ളൂ. സ്റ്റേറ്റ് ബഡ്ജറ്റിൽ ഇതിനായി ഒരു വിഹിതം വയ്ക്കേണ്ടതു തന്നെയാണ്. ധനകാര്യവകുപ്പുമായി ആലോചിച്ച് ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കുന്നതാണ്. അറ്റകുറ്റപ്പണികൾ നടത്താനുള്ള നിർദ്ദേശം ഇപ്പോൾത്തന്നെ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൊടുത്തിട്ടുണ്ട്. ഇക്കാര്യം ഗവൺമെന്റ് പ്രത്യേകം പരിശോധിക്കുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, നമ്മുടെ പോലീസ് സ്റ്റേഷനുകളുടെ ചുമതല സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കാണ്. കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഒരു സബ്ഇൻസ്പെക്ടർക്കാണ് എസ്.എച്ച്.ഒ-യുടെ ചുമതലയുള്ളത്. സ്റ്റേഷനുകളെ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്ന തിനായി, പ്രത്യേകിച്ച് താലൂക്കാസ്ഥാനങ്ങളിലുള്ള 2000-ത്തിൽ കൂടുതൽ ക്രൈമുകൾ ഒരു വർഷത്തിൽ രജിസ്റ്റർ ചെയ്യുന്ന പോലീസ് സ്റ്റേഷനുകളിൽ, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളുടെ മാതൃകയിൽ സി.ഐ.-മാരെ എസ്.എച്ച്.ഒ. ആക്കാനും അവർക്കുകീഴിൽ രണ്ട് എസ്.ഐ.മാരുടെ സേവനം ലഭ്യമാക്കുന്നതിനുമുള്ള സമീപനം സ്വീകരിച്ച് പോലീസ് സേനയെ നവീകരിക്കാൻ സർക്കാർ ആലോചിക്കുമോ ; അതിനുള്ള നിർദ്ദേശമുണ്ടോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, ഇത് പ്രത്യേകം പരിശോധിക്കേണ്ട ഒരു കാര്യമാണ്. ഇപ്പോൾ എസ്.ഐ.മാർക്കാണ് എസ്.എച്ച്.ഒ.യുടെ ചുമതലയുള്ളത്. തന്നെയുമല്ല അവരുടെ കീഴിൽ എ.എസ്.ഐ-മാരും ആവശ്യത്തിന് സ്റ്റാഫും ഉണ്ട്. സി.ഐ. മാർക്ക് മറ്റ് ചുമതലകളാണ് ഇപ്പോൾ നൽകുന്നത്.

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ചൈനയിലെ ബെയ്ജിങ്ങ് പട്ടണത്തിൽ ഒരു പോലീസുകാരൻപോലുമില്ലെങ്കിലും അവിടെ ഒരു കുറ്റം നടന്നാൽ പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ കൃത്യമായി അറിയാൻ കഴിയുന്ന സാങ്കേതിക സംവിധാനമുണ്ട്. വികസിത രാജ്യങ്ങളിലെല്ലാമുള്ള ഈ സംവിധാനം ഇവിടെയും ഏർപ്പെടുത്തിയാൽ കേരളത്തിലെ തെരുവുകളിൽ നടക്കുന്ന ഏതൊരു ക്രൈമും കൃത്യമായി മനസ്സിലാക്കാൻ കഴിയും. ഒരു പൈലറ്റ് പ്രോഗ്രാമെന്ന നിലയിൽ ഈ സാങ്കേതികവിദ്യ കേരളത്തിലെ ഏതെങ്കിലും പ്രധാന നഗരത്തിൽ നടപ്പിലാക്കാൻ ശ്രമിക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, പല നഗരങ്ങളിലും ഉണ്ടാകുന്ന സംഭവങ്ങൾ പെട്ടെന്ന് കൺട്രോൾ റൂമിൽ അറിയാൻ കഴിയത്തക്ക നിലയിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലൊരു

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനം തിരുവനന്തപുരത്ത് നടപ്പിലാക്കുന്നതാണ്. കൺട്രോൾറൂം പരിഷ്കരിച്ച് സിറ്റിയിലുണ്ടാകുന്ന ഓരോ കുറ്റകൃത്യങ്ങളും നേരിട്ട് മോണിറ്റർ ചെയ്യാനുള്ള സംവിധാനം ഉടൻ ആരംഭിക്കുന്നതാണ്. പോലീസിന്റെ പ്രസൻസ് അറിയില്ല, പക്ഷെ security will be available there. കൺട്രോൾ റൂമിലിരുന്ന് എല്ലാ കാര്യങ്ങളും അറിയാൻ കഴിയുന്ന നിലയിലേക്ക് പടിപടിയായി പോലീസ് സേനയുടെ പ്രവർത്തനങ്ങളെ മാറ്റുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരത്ത് ഈ സംവിധാനം ആരംഭിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

ശ്രീ. സി. എഫ്. തോമസ് : സർ, പല പ്രദേശങ്ങളിലും മയക്കു മരുന്നുമായി ബന്ധപ്പെട്ട റെയ്ഡുകൾ നടത്തേണ്ടത് എക്സൈസ് ഡിപ്പാർട്ട്മെന്റാണോ പോലീസ് ഡിപ്പാർട്ട്മെന്റാണോ എന്ന കാര്യത്തിൽ ഒരു നിശ്ചയമില്ല. അതുകൊണ്ട് ഈ രണ്ട് ഡിപ്പാർട്ടുമെന്റുകളെ തമ്മിൽ ഏകോപിപ്പിച്ച് ഇക്കാര്യത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്താൻ നിർദ്ദേശം നൽകുമോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, ഇപ്പോൾ പോലീസും എക്സൈസും സംയുക്തമായാണ് അത്യാവശ്യ സന്ദർഭങ്ങളിൽ പ്രവർത്തിക്കുന്നത്. അത് കൂടുതൽ ശക്തമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പോലീസിന്റെ പുതുക്കിയ ഔദ്യോഗിക ഫെയ്സ് ബുക്ക്/ ട്വിറ്റർ പേജുകൾ

3 (*573) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിന്റെ പുതുക്കിയ ഔദ്യോഗിക ഫെയ്സ് ബുക്ക് പേജ്, പുതിയ ട്വിറ്റർ പേജ് എന്നിവ നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സോഷ്യൽ മീഡിയ നൽകുന്ന നവമാദ്ധ്യമ സാധ്യതകൾ ക്രമസമാധാന പാലനത്തിനും കുറ്റാന്വേഷണത്തിനും എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത സംവിധാനംവഴി എന്തെല്ലാം വിവരങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ,

(എ) "Facebook.com/Kerala Police" എന്ന ഫെയ്സ് ബുക്ക് പേജും "Twitter.com/the Kerala Police" എന്ന ട്വിറ്റർ പേജും 31-2-2014-ന് നിലവിൽ വന്നിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് പോലീസ് ചീഫിന്റെ നിർദ്ദേശാനുസരണം മിക്ക ജില്ലകളിലും ഡിസ്ട്രിക്ട് പോലീസ് എന്ന പേരിലും ഫെയ്സ് ബുക്ക് പേജുകൾ തുടങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly